# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5291. 05-07-2012 ന് മറുപടിയ്ക്ക്

പാമ്പുകടിയേറ്റവർക്ക് ചികിത്സയ്ക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പ് മന്ത്രി ) |
| എ) പാമ്പു കടിയേറ്റവർക്ക് ചികിത്സയ്ക്ക് വനം വകുപ്പ് ധനസഹായം അനുവദിക്കാറുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ അത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | ബി) പാമ്പുകടി ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം മൂലം പരിക്കേൽക്കുന്നവർക്ക് 1980 ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. ഈ ചട്ടപ്രകാരം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാത് പ്രദേശങ്ങളിലെ റെയിഞ്ച് ഓഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഇതിനായി കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജന്റെ |

....2

| | |
|---|---|
| | പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ച് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. പരിക്കേൽക്കുന്നതിന് 5000 രൂപ വരെയും സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്നതിന് 25000 രൂപയും നൽകാൻ വ്യവസ്ഥയുണ്ട്. |
| സി) അപേക്ഷ നൽകേണ്ടത് ആർക്കാണ്; അപേക്ഷയോടൊപ്പം ഏതെല്ലാം രേഖകൾ ഹാജരാക്കണമെന്ന് വ്യക്തമാക്കുമോ ? | സി) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാത് പ്രദേശങ്ങളിലെ റെയിഞ്ച് ഓഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജന്റെ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ